## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 513

27.09.2011-ൽ മറുപടിക്ക്

# കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനിയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, റ്റിവി. രാജേഷ്<br>പ്രൊഫ: സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനിയുടെ നിലവിലുള്ള യൂണിറ്റുകൾ പുനരുദ്ധരിക്കാനും, ആധുനികവത്കരിക്കാനുമുള്ള മുൻ സർക്കാരിന്റെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദമാക്കാമോ; | (എ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനിയുടെ മാമല യൂണിറ്റിൽ വ്യവസായികാടിസ്ഥാനത്തിൽ പവർ ട്രാൻസ്ഫോർമറുകളുടെ ഉത്പാദനം തുടങ്ങുന്നതിനുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്ലാന്റിന്റെ ആധുനികവത്കരണത്തിനും കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിനും കുണ്ടറ യൂണിറ്റിലെ ഓൾട്ടർനേറ്റർ ഡിവിഷന്റെ ആധുനികവത്കരണത്തിനും കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റിസ്ഥാപിച്ച് പുനരുദ്ധരിക്കുന്നതിനുമുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) റിയാബ് ഇതിനായി തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയായിരുന്നു; ഈ പദ്ധതി നടപ്പിലാക്കാൻ എന്തു തുക ചിലവ് പ്രതീക്ഷിക്കുന്നു; | (ബി) 2009-10-ൽ കെല്ലിന്റെ എടരിക്കോട് യൂണിറ്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ 3 കോടി രൂപയുടെ പദ്ധതി സർക്കാർ അംഗീകരിക്കുകയും ഈ പദ്ധതി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2009-10- ൽ 146.87 ലക്ഷം രൂപ സർക്കാർ ധനസഹായവും നൽകിയിരുന്നു. |
| (സി) ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി ലഭ്യമാകുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; | (സി) മേൽപ്പറഞ്ഞ പവർ ട്രാൻസ്ഫോർമർ യൂണിറ്റ് പൂർണശേഷിയിൽ പ്രവർത്തന ക്ഷമമാകുമ്പോൾ പ്രതിവർഷം 129 കോടി രൂപയുടെ അധിക വിറ്റുവരവാണ് കമ്പനി പ്രതീക്ഷിക്കുന്നത്. |
| (ഡി) ഈ പദ്ധതിക്ക് ഇപ്പോൾ സർക്കാർ എന്തു തുക നല്കുകയുണ്ടായി? | (ഡി) കുണ്ടറ ഫൗണ്ടറി ഡിവിഷനിലെ കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി ബഡ്ജറ്റിൽ നിന്നും 300 ലക്ഷം രൂപ നൽകുന്നതിനുള്ള നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ